പത്രക്കുറിപ്പ്
19-12-2017

## 200 കുടുംബശ്രീ ബഡ്സ് സ്ഥാപനങ്ങൾക്ക് കൂടി സർക്കാർ അനുമതി

തിരുവനന്തപുരം: മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് വേണ്ടിയുള്ള ബഡ്സ് സ്ഥാപനങ്ങൾ 200 എണ്ണം കൂടി ആരംഭിക്കുവാൻ കുടുംബശ്രീയ്ക്ക് സർക്കാർ അനുമതി നൽകി. നിലവിൽ 64 ബഡ്സ് സ്കൂളുകളും 87 ബിആർസി (ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ) കളുമാണ് ഉള്ളത്. ബഡസ് സ്ഥാപനങ്ങൾക്കായി സ്ഥലം കണ്ടെത്തുന്നതും അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. ടീച്ചർമാരുടെ പരിശീലനം, മാർഗ്ഗനിർദ്ദേശം നൽകൽ തുടങ്ങിയ ചുമതലകൾ കുടുംബശ്രീയ്ക്കാണ്. പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായുള്ള ഭരണസമിതിയാണ് ബഡ്സ് സ്ഥാപനങ്ങളുടെ പ്രവർത്തനം നിയന്ത്രി ക്കുന്നത്. ബഡ്സ് സ്ഥാപനങ്ങൾ വേണമെന്നുള്ള പഞ്ചായത്തുകൾക്ക് ആ ആവശ്യം ഉന്നയിച്ച് അതാത് കുടുംബശ്രീ ജില്ലാ മിഷൻ ഓഫീസുകളെ സമീപിക്കാം.

മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ നിരന്തര സഹായവും പരിചരണവും ആവശ്യമുള്ളവരാണ്. ഈ കുട്ടികൾക്കൊപ്പം അവരുടെ കുടുംബാംഗങ്ങൾക്ക് പ്രത്യേകിച്ച് അമ്മമാർക്ക് വളരെയേറെ വൈഷമ്യങ്ങളും പരിമിതികളും അനുഭവപ്പെടുന്നു. ഇതിന്റെ പശ്ചാത്തലത്തിലാണ് ദാരിദ്ര്യ നിർമ്മാർജ്ജനം സ്ത്രീ ശാക്തീകരണത്തിലൂടെ എന്ന മുദ്രാവാക്യം മുൻനിർത്തി വർത്തിക്കുന്ന കുടുംബശ്രീ മിഷൻ ബഡ്സ് സ്ഥാപനങ്ങൾ ആരംഭിക്കുന്നത്. 2004ൽ തിരുവനന്തപുരം ജില്ലയിലെ വെങ്ങാനൂർ പഞ്ചായത്തിൽ ആദ്യ ബഡ്സ് സ്കൂൾ തുടങ്ങി. പിന്നീട് ഈ പദ്ധതി 1995ലെ ദേശീയ വികലാംഗ ജന നിയമത്തിന്റെ (PWD Act) കീഴിൽ വന്നതോടെ സംസ്ഥാനത്തെ മറ്റ് പഞ്ചായത്തുകളിലും കുടുംബശ്രീ ക്രമേണ ബഡ്സ് സ്ഥാപനങ്ങൾ ആരംഭിക്കുകയായിരുന്നു.

18 വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് ബഡ്സ് സ്കൂളുകളിലും അതിന് മുകളിൽ പ്രായമുള്ളവർക്ക് ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളിലും പ്രത്യേകം തയാറാക്കിയ പാഠ്യപദ്ധതിയും ക്രമവും അനുസരിച്ചാണ് ക്ലാസ്സുകൾ നൽകുന്നത്. കുട്ടികളെ സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തരാക്കുന്ന പാഠ്യപദ്ധതിയാണിത്. സാമൂഹിക വൈകാരിക വികസനം, വ്യക്തിത്വ വികസനം, പ്രാഥമിക ദിനചര്യ പരിശീലനം, കായിക സാംസ്ക്കാരിക വികസനങ്ങൾ എന്നിങ്ങനെയുള്ള വിഷയങ്ങളുൾപ്പെടുന്നതാണ് ഈ പാഠ്യപദ്ധതി. അടിസ്ഥാന വിദ്യാഭ്യാസം നൽകുന്നതിന് പുറമെ സ്പീച്ച് തെറാപ്പി, ഫിസിയോ തെറാപ്പി തുടങ്ങിയ പ്രത്യേക സഹായങ്ങളും കുട്ടികൾക്ക് നൽകുന്നു. ഇത് കൂടാതെ കരകൗശല നിർമ്മാണം പോലുള്ള കാര്യങ്ങളിലും പരിശീലനമേകുന്നു. സ്വയം തൊഴിൽ സ്വായത്തമാക്കി ജീവിതമാർഗ്ഗം കണ്ടെത്താനുള്ള പരിശീലനമാണ് ബിആർസികളിൽ അടിസ്ഥാന വിദ്യാഭ്യാസത്തിന് പുറമേ പരിശീലനാർത്ഥികൾക്ക് നൽകുന്നത്. മെഴുകുതിരി നിർമ്മാണം, തയ്യൽ, എൽഇഡി ബൾബ് നിർമ്മാണം തുടങ്ങിയ നിരവധി കൈത്തൊഴിലുകളിൽ കുട്ടികൾക്ക് ബിആർസികളിൽ പരിശീലനം നൽകുന്നു. ഇപ്പോൾ സംസ്ഥാനത്താകെ 151 ബഡ്സ് സ്ഥാപനങ്ങളിലായി 5000ത്തോളം പരിശീലനാർത്ഥികൾ പഠിക്കുന്നു.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ